അതിൽ പറയുന്നത്, Natural calamities viz., drought, flood, landslide, earthquake, sea erosion, storm, hurricane, wild life menace and forest fire etc. Farmers cultivating in their own land or leased land are eligible. ലീസ് ലാന്റിൽ കൃഷി ചെയ്യുന്ന കർഷകർക്കുപോലും ധനസഹായം കിട്ടുന്ന രൂപത്തിലുള്ള ക്രോപ് ഇൻഷ്വറൻസ് വരാൻ പോവുകയാണ്. അതിന് 5 കോടി 70 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അത് പ്രാബല്യത്തിൽ വരുന്നതോടെ ഇതിനെല്ലാം പരിഹാരം കാണാൻ സാധിക്കും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ 24-1-14-ലെ ജി.ഒ പ്രകാരം കിട്ടാതിരിക്കുന്ന സന്ദർഭമുണ്ടായതുകൊണ്ടാണ് 11-6-2012-ൽ ഇറങ്ങിയ ഉത്തരവ് പ്രകാരംതന്നെ വർദ്ധിപ്പിച്ച സഹായം വിതരണം ചെയ്യുന്നതാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും കൂടി കൺസൽട്ട് ചെയ്തുകൊണ്ട് പറയുന്നത്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പ്രകൃതിക്ഷോഭംമൂലം കൃഷി നഷ്ടപ്പെടുന്ന കർഷകർക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള വകുപ്പുണ്ടെന്ന് പറഞ്ഞു. ഇടിമിന്നൽ പ്രകൃതിക്ഷോഭത്തിൽപ്പെടുമോ, ഇടിമിന്നലേറ്റ് കൃഷി നശിച്ചാൽ അവർക്ക് നഷ്ടപരിഹാരം കിട്ടാത്ത സ്ഥിതിയുണ്ട്. അത് കൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണം.

ശ്രീ. കെ. പി. മോഹനൻ: സർ, ഇക്കാര്യം കർഷകർ പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തിയതിനാൽ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. ക്രോപ്പ് ഇൻഷ്വറൻസിൽ അതുകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അഞ്ചുകോടി എഴുപത് ലക്ഷം രൂപ ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കർഷകദിനത്തിന് മുമ്പ് പ്രാബല്യത്തിൽ വരുന്നതാണ്.

### 10. തോട്ടം തൊഴിലാളികളുടെ പുനരധിവാസം

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പീരുമേട് തോട്ടംമേഖലയിൽ ജോലിചെയ്യുന്ന തോട്ടം തൊഴിലാളികളുടെ സ്ഥിതി പരമദയനീയമാണ്. കേരളത്തിലെ തേയിലത്തോട്ടം തൊഴിലാളികളുടെയും തോട്ടം തൊഴിലാളികളുടെയും സ്ഥിതി ദയനീയം തന്നെയാണ്. റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ മുൻപ് ഉണ്ടായിരുന്നു. റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകണ്ടെന്നുപറഞ്ഞ് തൊഴിൽ വകുപ്പ് ഉത്തരവിറക്കിയിരിക്കുന്നുവെന്നാണ് ഇന്ന് അറിയാൻ കഴിഞ്ഞത്. തോട്ടം തുറക്കുന്നതിന്റെ ഭാഗമായി ഉണ്ടാക്കിയിട്ടുള്ള എഗ്രിമെന്റുകൾ നടപ്പാക്കുവാൻ തോട്ടം മാനേജ്മെന്റ് തയ്യാറാകാത്ത സാഹചര്യത്തിൽ ആ ഉത്തരവ് പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. തോട്ടം തൊഴിലാളികൾക്ക് ആശ്വാസം എന്ന നിലയിലാണ് ഭവനം പദ്ധതി നടപ്പിലാക്കിയത്. ഈ ഗവൺമെന്റിന്റെ കാലത്ത് 25 കോടി രൂപ ഭവനം പദ്ധ പദ്ധതിക്കുവേണ്ടി വകയിരുത്തിയെങ്കിലും ഒരുരൂപപോലും ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. അതുകൊണ്ട് തോട്ടം മേഖലയിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി തോട്ടം ഉടമകളുടെയും തൊഴിൽ വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും ഉദ്യോഗസ്ഥരെ വിളിച്ചു ചേർത്ത് യോഗംകൂടി ഈ പദ്ധതി നടപ്പിലാക്കണം. കഴിഞ്ഞ ദിവസം

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി ആ മേഖല സന്ദർശിച്ചിരുന്നു. നിയമസഭാ സമിതിക്ക് ഈ വിഷയങ്ങൾ നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്. തോട്ടം തൊഴിലാളികളുടെ വീടിന്റെ സ്ഥിതി പരമദയനീയമാണ്. കന്നുകാലികളെപ്പോലും കെട്ടാൻ കഴിയാത്ത വിധത്തിൽ പരമദയനീയ സ്ഥിതിയിൽ വളരെ ചെറിയ ഇടുങ്ങിയ മുറികളിൽ അവർ താമസിക്കുന്ന സാഹചര്യമുണ്ട്. ഇത് ധാരാളം സാമൂഹ്യപ്രശ്നങ്ങൾക്കും കുടുംബപ്രശ്നങ്ങൾക്കും വഴിവയ്ക്കുന്നുണ്ട്. ഇത് തോട്ടം തൊഴിലാളികളുടെ സ്വപ്ന പദ്ധതിയാണ്. ഇതു നടപ്പിലാക്കാൻ അടിയന്തരമായി ഗവൺമെന്റ് ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, ബഹുമാനപ്പെട്ട മെമ്പർ രണ്ട് വിഷയങ്ങളാണ് സബ്മിഷനിലൂടെ സൂചിപ്പിച്ചത്.

ഒന്ന്, പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ. ഒരു കാലഘട്ടത്തിൽ തോട്ടങ്ങൾ മിക്കവയും പൂട്ടിക്കിടന്ന പശ്ചാത്തലത്തിലായിരുന്നു റിലീഫ് പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയത്. ഇപ്പോൾ പീരുമേട് പ്രദേശത്ത് തോട്ടങ്ങൾ പൂട്ടിക്കിടപ്പില്ല. ഭാഗീകമായി പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് കണക്കിലെടുത്തുകൊണ്ട് ഏതെങ്കിലും തൊഴിലാളി വിഭാഗത്തിന് റിലീഫ് ആവശ്യമാണെന്ന് കണ്ടെത്തിയാൽ റിലീഫ് എക്സ്റ്റന്റ് ചെയ്യും. റിലീഫിന്റെ പേരിൽ വെറുതേ പണം കൊടുക്കാനുദ്ദേശിക്കുന്നില്ല. ന്യായമായ ആവശ്യമുള്ള മേഖലയിൽ അത് പരിഗണിക്കാവുന്നതാണ്.

രണ്ട്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം തോട്ടം തൊഴിലാളികൾ ഭൂരഹിതരായ വിഭാഗമാണെന്ന് കണ്ടെത്തിക്കൊണ്ടാണ് ഇങ്ങനെയൊരു ഹൗസിംഗ് പദ്ധതിയെക്കുറിച്ച് ആലോചിച്ചത്. അങ്ങനെ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിലാണ് 25 കോടി രൂപ അതിന് അനുവദിച്ചത്. അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിന് ഭവനം ഫൗണ്ടേഷൻ എന്ന കമ്പനി രൂപീകരിച്ച് 25 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഞാൻതന്നെ പങ്കെടുത്തുകൊണ്ട് നിരവധി ചർച്ചകൾ തോട്ടം ഉടമകളുമായി, പ്രത്യേകിച്ച് തേയിലത്തോട്ടം ഉടമകളുമായി നടത്തിയിട്ടുണ്ട്. തോട്ടം തൊഴിലാളികളെ തോട്ടത്തിന്റെ പുറത്തുകൊണ്ടുപോയി താമസിപ്പിക്കാൻ കഴിയില്ല. അങ്ങനെയായാൽ പണിക്ക് ആളെ കിട്ടില്ല. തോട്ടത്തിനകത്തുതന്നെ അതിനായി സ്ഥലം കണ്ടെത്തണം. തോട്ടത്തിനകത്ത് സ്ഥലം കണ്ടെത്തണമെങ്കിൽ തോട്ടം ഉടമകൾ സ്ഥലം വിട്ടുതരാൻ തയ്യാറാകണം. നിരവധി ചർച്ച നടത്തിയിട്ടും സ്ഥലം വിട്ടുതരാൻ അവർ തയ്യാറാകുന്നില്ല. ഈ പശ്ചാത്തലത്തിലാണ് പീരുമേട് മേഖലയിലേക്ക് ഈ പദ്ധതി എക്സ്റ്റന്റ് ചെയ്യാൻ കഴിയാതെ പോയത്. ആദ്യത്തെ പദ്ധതി എന്ന നിലയിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷനിലും പ്ലാന്റേഷൻ കോർപ്പറേഷനിലും അവർ സ്ഥലം വിട്ടുതരാൻ തയ്യാറായിട്ടുണ്ട്. അവിടെ ഹൗസിംഗ് പദ്ധതി ആരംഭിക്കും. അവിടത്തെ തൊഴിലാളികൾക്കു വേണ്ടിയുള്ള പദ്ധതിയായി തുടക്കംകുറിക്കും. ബഹുമാനപ്പെട്ട മെമ്പർകൂടി



LIBRARY ARCHIVES Kerala Legislative Assembly

മുൻകയ്യെടുത്തുകൊണ്ട് സ്ഥലം കണ്ടെത്തിതരികയാണെങ്കിൽ തീർച്ചയായും ഈ പദ്ധതി അവിടേക്കും എക്സ്റ്റന്റ് ചെയ്യാം. മെമ്പർ പറഞ്ഞ ലയങ്ങളുടെ ദയനീയസ്ഥിതി കണക്കിലെടുത്തുകൊണ്ടാണ് ഭവനം ഉണ്ടാക്കുന്നതിന് ശ്രമിച്ചത്. ലയങ്ങൾ നന്നാക്കണമെന്നതാണ് ആവശ്യമെങ്കിൽ അത് പ്രത്യേകം പരിഗണിക്കാം. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഭവനം നിർമ്മിച്ചുകൊടുക്കുക എന്നതാണ് ലക്ഷ്യം. അതിൽനിന്ന് മാറുന്നതിനെക്കുറിച്ച് ഇപ്പോൾ ആലോചിച്ചിട്ടില്ല. സ്ഥലം കിട്ടാത്ത സാഹചര്യം വന്നാൽ ആലോചിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

### 11. കെ.എസ്.ഇ.ബി. കരാർ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

ശ്രീ. കെ. മുരളീധരൻ : സർ, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നതിൽ കരാർ തൊഴിലാളികൾ വഹിക്കുന്ന പങ്ക് വളരെ നിർണ്ണായകമാണ്. ലൈൻ വർക്കർ, മീറ്റർ റീഡർ, സബ്സ്റ്റേഷനുകളിലെ ഓപ്പറേറ്റർമാർ, ഷിഫ്റ്റ് അസിസ്റ്റന്റ്, ഡ്രൈവർ, സ്വീപ്പർ, സ്കാവഞ്ചർ, കെയർടേക്കർ, ടൈപ്പിസ്റ്റ് എന്നിങ്ങനെ വിവിധ ജോലികളിലായി ആയിരക്കണക്കിനാളുകളാണ് കെ.എസ്.ഇ.ബി.-യിൽ വർഷങ്ങളായി കരാറടിസ്ഥാനത്തിൽ ജോലി നോക്കുന്നത്. ഇവർക്ക് തുച്ഛമായ വേതനവും ആനുകൂല്യവുമാണ് ലഭിക്കുന്നത്. ഇതിനിടെ ഈ മാസം 1-ാം തീയതി മുതൽ നടപ്പാക്കിയ പരിഷ്ക്കരിച്ച പുതിയ വർക്ക് നോംസ് ഇവരെ കൂടുതൽ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. തൊഴിൽ നിയമങ്ങളുടെ അടിസ്ഥാനതത്വങ്ങൾ അനുസരിച്ച് ഇത്തരം കരാർ തൊഴിലാളികൾക്ക് ജോലി സുരക്ഷിതത്വവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കേണ്ടത് തികച്ചും ന്യായയുക്തമാണ്. ഇവർക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. ക്ഷേമനിധി ഇൻഷ്വറൻസ് ആനുകൂല്യങ്ങളും കരാർ തൊഴിലാളികൾക്ക് ഇതുവരെ ലഭ്യമായിട്ടില്ല. ഇവരെ കാഷ്വൽ തൊഴിലാളികളായെങ്കിലും അംഗീകരിച്ച് ലേബർ ആക്ട് പ്രകാരമുള്ള സംരക്ഷണം നൽകേണ്ടത് നിയമപ്രകാരം അടിയന്തര പ്രാധാന്യമുള്ള കാര്യമാണ്. ഇവർക്ക് അർഹമായ കുറഞ്ഞ വേതനം പുതുക്കി നിശ്ചയിച്ച് ഏകീകൃത സ്വഭാവം കൈവരുത്തേണ്ടിയിരിക്കുന്നു. വൈദ്യുതി ലൈനുകളിൽ പണിയെടുക്കുന്ന കരാർ തൊഴിലാളികൾ നേരിടുന്ന അപകട ഭീഷണിയാണ് ഏറ്റവും സുപ്രധാനം. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ കഴിഞ്ഞ മൂന്നുവർഷത്തിനിടെ നിരവധി അപകടമരണങ്ങൾ ഇത്തരത്തിൽ നടന്നിട്ടുണ്ട്. ഇത്തരം ഹതഭാഗ്യർ തങ്ങളുടെ തൊഴിലാളികളല്ല എന്ന ന്യായവാദം ഉന്നയിച്ച് തടിതപ്പുന്ന തികച്ചും ദയാരഹിതമായ സമീപനമാണ് കെ.എസ്.ഇ.ബി. സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇത് പ്രബുദ്ധ കേരളത്തിന് ഒട്ടും ചേർന്നതല്ല. അപകടത്തിൽപ്പെടുന്ന കരാർ തൊഴിലാളികൾക്ക് ആവശ്യമായ ചികിത്സ ലഭ്യമാക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും ബോർഡിന് ബാദ്ധ്യതയുണ്ട്. അപകടത്തിൽ മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് ജോലിയും നഷ്ടപരിഹാരവും ഉറപ്പുവരുത്തേണ്ടതുണ്ട്. ഇത് ഒരു പൊതുമേഖലാ സ്ഥാപനം തീർച്ചയായും പാലിക്കേണ്ട നിയമമാണ്. ഇക്കാര്യത്തിൽ കെ.എസ്.ഇ.ബി. അടിയന്തരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly